ഉത്തരം

(എ) ഉണ്ട്.

(ബി) 106 എണ്ണം.

(സി) ജില്ല തിരിച്ചുള്ള കണക്ക് താഴെ കൊടുക്കുന്നു.

തിരുവനന്തപുരം	2
കൊല്ലം	28
ആലപ്പുഴ	24
കോട്ടയം	9
എറണാകുളം	14
തൃശ്ശൂർ	7
മലപ്പുറം	6
കോഴിക്കോട്	9
കണ്ണൂർ	7
ആകെ	106

മൽസ്യത്തൊഴിലാളി സഹകരണസംഘങ്ങൾക്ക് വിതരണം ചെയ്ത യന്ത്രവൽകൃത ബോട്ടുകൾ

788 [955] ശ്രീ. ഇ.പത്മനാഭൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ ഗവൺമെൻറ് അധികാരത്തിൽ വന്നശേഷം മൽസ്യത്തൊഴിലാളി സഹകരണ സംഘങ്ങൾക്ക് എത്ര യന്ത്രവൽകൃത ബോട്ടുകൾ വിതരണം ചെയ്തു;

(ബി) ഇതിൻെറ മൊത്തം വില എത്രയാണ്;

(സി) ഇത് എത്ര ഗഡുക്കളായി ഈടാക്കും, പലിശ നിരക്ക് എത്ര;

(ഡി) ഈ വകയിൽ പിരിഞ്ഞുകിട്ടാനുള്ള കുടിശ്ശിക എത്ര?

ഉത്തരം

(എ) 1976-ന് ശേഷം സഹകരണ സംഘങ്ങൾക്ക് ബോട്ടുകൾ വിതരണം ചെയ്തിട്ടില്ല.

(ബി, സി, ഡി) ചോദ്യം ഉദിക്കുന്നില്ല.

മൽസ്യബന്ധന ഉപകരണങ്ങൾ നശിച്ചവർക്ക് സഹായധനം നൽകുന്നതിലെ അഴിമതി

789 [956] ശ്രീ. കെ.പി.പ്രഭാകരൻ:
,, കെ.ടി കുണാരൻ:
,, കെ.വി.സുരേന്ദ്രനാഥ്:
,, വി.കെ.രാജൻ:
ഡോക്ടർ.എ.സുബ്ബറാവു: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly